# നിരോധനം മുറുകുന്നു മണൽമാഫിയ വളരുന്നു

**പ്രമോദ് സുബ്രഹ്മണ്യൻ**

നിളയെ ആദ്യം കാമധേനു എന്ന് വിളിച്ചത് ആരാണെന്നറിയില്ല. നിത്യകാമുകിയായ നിളയെ കാമധേനുവായി ആരാധിച്ചവരിൽ പി. കുഞ്ഞിരാമൻ നായർ മുതൽ ഒട്ടേറെ പേരുണ്ടായിരുന്നു. നിള ഇന്നും ഒരു കാമധേനു തന്നെയാണ്, അനധികൃതമായി മണൽ വാരുന്ന തൊഴിലാളികൾക്ക്, ഈ മണൽ വിപണനം ചെയ്യുന്ന ഏജന്റുമാർക്ക്, അതിനു വേണ്ട ഒത്താശ ചെയ്യുന്ന റവന്യൂ-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരികൾക്ക്, ഇതിന് നേരെ കണ്ണടക്കുന്ന പോലീസിന്, ലോറി ഉടമകൾക്ക്, ഇതിന് സംരക്ഷണം നൽകുന്ന ഗുണ്ടാ സംഘങ്ങൾക്ക്.

ഭാരതപ്പുഴ നദീതടം കേന്ദ്രീകരിച്ചിട്ടുള്ള ഏറ്റവും വലിയ വ്യവസായം ഇന്ന് മണൽ വാരലാണ്. രാഷ്ട്രീയ ഒത്താശയോടെ ഇതിന് രംഗത്തിറങ്ങിയിരിക്കുന്നവരിൽ കുഴൽപണ മാഫിയാ സംഘാംഗങ്ങളും തീവ്രവാദ സംഘടനാ പ്രവർത്തകരും വരെ ഉണ്ടെന്ന് അടക്കം പറച്ചിൽ. നിളാ തീര പഞ്ചായത്തുകളിലെ സ്ഥാനാർത്ഥികൾ ആരാകണമെന്ന് തീരുമാനിക്കുന്നതു തൊട്ട് റവന്യൂ പോലീസ് ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്നത് വരെ എത്തിയിരിക്കുന്നു ഇവരുടെ സ്വാധീനം എന്നത് പരസ്യമായ രഹസ്യം.

മറ്റ് പുഴകളെ അപേക്ഷിച്ച് ഭാരതപ്പുഴയിലെ മണലിന് ഗുണം കൂടുതലാണ്. അതുകൊണ്ടുതന്നെ അതിന് ആവശ്യക്കാരും ഏറെയാണ്. അടുത്ത കാലം വരെ പുഴയിലെ മണൽ ജെ.സി.ബി ഉപയോഗിച്ച് വരെ വാരി സംസ്ഥാനത്തിന് പുറത്തേക്ക് ധാരാളമായി കൊണ്ടു പോയിരുന്നു. ഇന്ന് പുറത്തേക്കുള്ള മണൽ കടത്തൽ നിലച്ചു. 1997ലെ വിദഗ്ധ സമിതി റിപ്പോർട്ട് പ്രകാരം പുഴയിലെ മണൽ വാരൽ നിയന്ത്രിക്കുകയും മണലിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പാസ്സ് ഏർപ്പെടുത്തുകയും ചെയ്തതോടെയാണ് മണൽ മാഫിയകൾ ശക്തമാകുന്നത്.

ഓരോ വർഷവും മണൽ വാരാൻ കടവുകൾ ലേലം വിളിച്ച് കൊടുക്കുന്ന പതിവ് നിർത്തി പകരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടായി മണലിന്റെ വിതരണം. തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സ്റ്റഡീസ് പഠനം നടത്തി മണൽ വാരാനുള്ള കടവുകൾ നിശ്ചയിക്കുകയും ഓരോ കടവിൽ നിന്നും വാരാവുന്ന മണലിന്റെ പരിധി നിശ്ചയിക്കുകയും ചെയ്തു. അങ്ങനെ സെസ്സ് നിർദ്ദേശിക്കപ്പെട്ട അളവിലായി മണൽ വിൽപ്പന. മണലിന് ആവശ്യമുള്ളവർ മുൻകൂട്ടി പഞ്ചായത്തിൽ അപേക്ഷ നൽകണം. അവർക്ക് മുൻഗണനാ ക്രമത്തിൽ പാസ്സ് അനുവദിക്കും. ചിലയിടത്ത കൃ സമ്പ്രദായം ഏർപ്പെടുത്തിയാണ് പാസ് വിതരണം.

മണൽ വാരൽ നിയന്ത്രണം മൂലം ഒരു നിയന്ത്രണവുമില്ലാതെയുള്ള മണൽ വാരൽ നിലച്ചെങ്കിലും പാസ് വിതരണവും മറ്റുമായി ബന്ധപ്പെട്ട് ഒട്ടേറെ അഴിമതികൾക്ക് തുടക്കമായി.

ഭാരതപ്പുഴയുടെ തീരത്തുള്ള പഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും പ്രധാന വരുമാനമാർഗ്ഗമാണ് മണൽ വാരൽ. പാസു വിതരണത്തിലൂടെ യഥാർത്ഥത്തിൽ പഞ്ചായത്തുകൾക്ക് ലഭിക്കുന്ന തുകയുടെ എത്രയോ ഇരട്ടി തുക അനധികൃത മണൽ വാരലിലൂടെയും മറ്റും പലർക്കുമായി ലഭിക്കുന്നു.

## മണൽവാരൽ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ

നദികളിലൂടെ ഒഴുകുന്ന ജലത്തെ പിടിച്ചു നിർത്താനും അതിനെ ഭൂഗർത്തത്തിലേക്ക കടത്തി വിടാനും സഹായിക്കുന്നത് മണൽപ്പാളിയാണ്. പുഴ വറ്റിയാലും മണൽപ്പരപ്പ് വെള്ളത്തെ സ്പോഞ്ച് പോലെ പിടിച്ചു വെക്കും. വെള്ളം ബാഷ്പീകരിച്ച് നഷ്ടമാകുന്നതിനെ ചെറുക്കുന്നതും ഈ മണൽപ്പാളിയാണ്. മണൽ നഷ്ടമായതോടെ പുഴയുടെ ജലാഗിരണശേഷി നഷ്ടമാകുകയും തീരങ്ങൾ വരൾച്ചയുടെ പിടിയിലാകുകയും ചെയ്തു. പുഴയുടെ ആഴം കൂടിയതോടെ ഭൂഗർഭ ജലനിരപ്പും താഴ്ന്നു. മണലിന് വെള്ളത്തെ ശുദ്ധീകരിക്കാനുണ്ടായിരുന്ന പ്രകൃതിദത്തമായ കഴിവും മണൽ പാളി നഷ്ടമായതോടെ പുഴയ്ക്ക് ഇല്ലാതായി.

ഭാരതപ്പുഴ പോലുള്ള നദികളിൽ മുമ്പും വെള്ളം കുറവായിരുന്നതിന് ഒരു കാരണം അതിന്റെ കൂടിയ ജലച്ചായ്‌വ് ആയിരുന്നു. (ഹൈഡ്രോളിക് ഗ്രെയിഡന്റ്) സമുദ്രനിരപ്പിൽ നിന്ന് 1964 മീറ്റർ ഉയരത്തിൽ നിന്ന് ആരംഭിക്കുന്ന പുഴ വളരെ കുറഞ്ഞ ദൂരം കൊണ്ട് സമുദ്രനിരപ്പിൽ എത്തുന്നു. അതുകൊണ്ടുതന്നെ പശ്ചിമഘട്ടത്തിൽ പെയ്യുന്ന മഴവെള്ളം വളരെപ്പെട്ടന്നു തന്നെ കുത്തനെ ഒഴുകി അറബിക്കടലിലെത്തുന്നു. ഇങ്ങനെ ഒഴുകുന്ന വെള്ളത്തിന്റെ പ്രവേഹവേഗതകുറച്ചിരുന്നതും അതിനെ പിടിച്ചു നിർത്തി ഭൂമിക്കടിയിലേക്ക് കടത്തി വിട്ടിരുന്നതും കനത്ത മണൽ പാളികളായിരുന്നു. ഇന്ന് ഭാരതപ്പുഴയുടെ ആ കഴിവ് ഒരു പരിധിവരെ നഷ്ടമായിരിക്കുന്നു.

തീരത്തോടടുത്തുള്ള പ്രദേശങ്ങളിലെ മണൽവാരൽ പുഴയിലേക്ക് പുളിവെള്ളം (കടൽവെള്ളം) കയറുന്നതിനിടയാക്കുന്നു. ഇതോടെ പരിസര പ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും ഉപയോഗശൂന്യമാകുകയും കുടിവെള്ളത്തിന് ബദൽ മാർഗ്ഗങ്ങളന്വേഷിക്കേണ്ടി വരുകയും ചെയ്യുന്നു.

മണൽ നഷ്ടമായ പുഴയിൽ പൊന്തക്കാടുകൾ വളരുകയും ചളിക്കെട്ടുകളും പൊന്തകാടുകളുമായി പുഴ കൂടുതൽ മലിനമാക്കപ്പെടുകയും വികൃതമാകുകയും ചെയ്യുന്നു. തീരങ്ങൾ കേന്ദ്രീകരിച്ച നടക്കുന്ന മണലെടുപ്പ് പുഴയുടെ ദിശ മാറി ഒഴുകുന്നതിനും തീരം ഇടിയുന്നതിനും കാരണമാകുന്നു. ഭൂകമ്പ ബാധിത പ്രദേശങ്ങളായി മാറിയ ദേശമംഗലം-വരവൂർ തുടങ്ങിയ നിളാനദീതട ഗ്രാമങ്ങളെ കുറിച്ചുള്ള പഠനം, അതിനുള്ള കാരണമായി പുഴമണൽ വൻതോതിൽ നീക്കിമാറ്റിയതും ചൂണ്ടിക്കാണിക്കുന്നു.

**മണൽ വാരൽ പൂർണ്ണമായി നിരോധിച്ച മാസങ്ങളിൽപ്പോലും ഭാരതപ്പുഴയിൽ മണൽ വാരൽ നിർബാധം തുടരുകയാണ്. പോലീസിനെ പോലും ആക്രമിക്കുകയും തീരങ്ങളെ വിറപ്പിക്കുകയും ചെയ്ത് , മൊബൈൽഫോൺ പോലുള്ള ആധുനിക വാർത്താവിനിമയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മണൽ മാഫിയ പണം കൊയ്തു കൂട്ടുകയാണ്. ഭാരതപ്പുഴയിലെ, നിയമം കൊണ്ട് തളയ്ക്കാനാകാത്ത മണൽ മാഫിയയെക്കുറിച്ചും കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥ രാഷ്ട്രീയ ലോബിയെക്കുറിച്ചും ഒരു പരമ്പര '**

